## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5445 — 31.10.2016 ൽ - മറുപടിക്ക്

## ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതിൽ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.ഉമ്മർ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിന് നിലവിലെ താലൂക്ക് തല റാങ്കിംഗിന് പകരം സംസ്ഥാനതല റാങ്കിംഗ് നടത്തുക, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ക്ലാസ് IV (ഓഫീസ് അറ്റൻഡന്റ്) തസ്തിക വരെയുള്ള ജീവനക്കാർ ഉൾപ്പെടുന്ന കാർഡുകളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുക, സ്വകാര്യ മൊത്ത വിതരണ ശാലകൾക്ക് പകരം സർക്കാർ അധീനതയിൽ ബ്ലോക്ക് തലത്തിൽ സംഭരണ ശാലകൾ ആരംഭിക്കുക, വാതിൽപ്പടി വിതരണം സപ്ലൈകോ മുഖാന്തിരം നടപ്പിലാക്കുക, പൊതുവിതരണ പ്രക്രിയ ഇലക്ട്രോണിക് ആയി നിരീക്ഷിക്കാൻ ഉതകുന്ന തരത്തിലുള്ള സുതാര്യവും കരുത്തുറ്റതുമായ സമ്പ്രദായം നടപ്പിലാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പൂർത്തിയാക്കി ഭക്ഷ്യസുരക്ഷാ നിയമം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | മുൻ സർക്കാർ നടപ്പിലാക്കിയ ഭക്ഷ്യ സുരക്ഷാ ക്രമീകരണങ്ങൾ ഏതെങ്കിലും റദ്ദ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | മുൻസർക്കാരിന്റെ കാലത്ത് മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനായി നിശ്ചയിച്ചിരുന്ന താലൂക്ക്തല റാങ്കിംഗ് മാറ്റി സംസ്ഥാനതല റാങ്കിംഗ് നടത്തി കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. മുൻസർക്കാർ കെൽട്രോണിനെ ആണ് വാതിൽപ്പടി വിതരണം നടത്തുവാൻ നിയോഗിച്ചിരുന്നത്. എന്നാൽ ഇതു മാറ്റി സപ്ലൈകോയെ വാതിൽപ്പടി വിതരണം നടത്തുന്നതിനുള്ള നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്. |
| (സി) | ഭക്ഷ്യസുരക്ഷാ നിയമങ്ങൾ നടപ്പിലാക്കുന്നതിൽ ഈ സർക്കാർ നേരിടുന്ന പ്രതിസന്ധി എന്തെല്ലാമെന്ന് വിശദമാക്കാമോ? | (സി) | 31.03.2017-നകം ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം പൂർണ്ണതോതിൽ സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ